श्री लक्ष्मी वेंकटेशोभिरक्षतु

।। श्री वेंकटेशायनम् ।।



"SREE VENKATESHAYANAM"

The History of Cochin Thirumala Devar

Published in commermoration of 400th year of 1st Prathista

1599 - 1999



Sree Venkateshayanam

ശ്രീ വെങ്കടേശായനം




Malayalam Translations
(Vedantha Bhooshanam - Sri. N. Anantha Sharma Sastri)

English Translations
(Sri B. Sadananda Prabhu M. Com., Kovid (Sanskrit)

Pictures & Illustrations
(Gosripuram Harikumar)

Published by :
ARJUNS ARTS & CULTURAL ASSOCIATION
GOSRIPURAM, COCHIN.



Sree Venkatachalapathy
of Gosreepuram



H. H. Sri. Vijayendra Thirtha Swami
of Kumbakona Mutt



Narshima Raja
of Vidyanagar

Seva by

A. V. BHAT & FAMILY



H.H. SHRIMAD SUDHINDRA THIRTHA SWAMI

SHREE KASHI MATH SAMSTHAN, VARANASI

Camp : Sri Vyasashram
Haripur Marg, Post:
Sadhubela
Haridwar-249410

[illegible]
[illegible]
Ref. ഗോശ്രീപുരം. കൊച്ചി-2   Date 25.11.99.

[illegible] ശ്രീ വെങ്കടേശായനം
[illegible]
[illegible] 40000
ശ്രീ [illegible]
[illegible]
[illegible] ശ്രീ വെങ്കടേശായനം [illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

[illegible]

Preface

The abundant grace of Lord Venkatachalapathi of Gosreepura and the divine blessings of our Parama Pujaneeya Dharma Guru Sree H. H. Sudheendra Theertha Swami have prompted and enabled us to publish this 400 year old poetical work in Sanskrit entitled "SHRI VENKATESHAYANAM", which throws light on the events preceeding the first Pratishta of Gosreepuresha Venkatachalapathi in the year 1599 A.D. Quite appropriately the book is being brought out this year in commemoration of the 400th Anniversary of the first Pratishta that has been celebbrated in T.D. Temple here with several religious rites, functions, and festivities.

Sree Lakshmi Venkatesha, the deity that is being worshipped in the Cochin Thirumala Devasthanam is known as Thirumala Devar. How the epithet "Thirumala" was added to the deity's name in Cochin is a matter of history. Though the word "Thirumala" simply means "Sacred Hills", and though there was a dozen and more temples having their sites amdist Hills, the name "Thirumala" is seen mentioned only along with the hill temple at Thirupathi. The Cochin temple must have acquired the name "Thirumala" only through Thirumala Thirupathi Devasthanams. Historical records do not exist to prove this fact, except a poetical account which is found in this locality.

This is "VENKATESHAYANAM", a narrative in Sanskrit having 74 Slokas dealing with the Moola Vigraha that is being worshipped in Cochin Thirumala Devasthanam. The above referred poetical account is said to have been composed by one "Venkatesha Bhatta" who was an Archaka in the Cochin Thirumala Devasthanams about 400 years ago, when the Thirumala Devar Vigraham was obtained by Mahajanam of Cochin from a "Yathirat" named Sudheendra Thirtha of Kumbakona Mutt. However, we are unable to find any evidence to corroborate this view, either internally from the text of the poem or externally from other literary works or historical records. In our present publication; which is a reproduction of this poem, we have therefore preferred to show the name of the author as "unknown". This poem is simply a true narration of Historical facts for the benefit of posterity. The composer was not a scholar of any great merit and he did not also seem to aspire to any such distinction. He simply meant to handover to posterity the bare facts of an event that happened in his time.

The event described in the account is briefly given below: There was one Narasimha Raja of Chola desha who had his kingdom somewhere near to Thirupathi Hills. Narasimha Raja was a staunch Vishnu Bhakta and he

used to climb the hills for worship of Sree Venkatesha. The "Venkateshayanam" gives us in clear and lucid language how Sree Venkatesha of Thirupathi gave a gift of His own Vigraha to the said Narasimha Raja, how the Raja got It consecrated in "Vidya Nagar" (Near Hospet 1460-1480 A.D.), how after the demise of the said Raja, the Vigraha got away from "Vidya Nagar", and came into the possession (1500-1550) of a certain "Yathirat" , and how finally it made Its way to "Gosripuram" (Cochin) to be consecrated in the Cochin Thirumala Devasthanam in 1599 A. D.

The 74 Slokas of the poem give a clear account of all these events. We have great pleasure to present this sacred poem in our current publication for the benefit of the devotees of Lord Venkateswara and the public, in a form which gives the original Sanskrit sloka in Devanagari script followed by its translation in Malayalam and English languages. Many illustrations and pictures relevant to the contents of the story have been added at appropriate places, which we hope will be liked by the readers and enhance the value of the book.

It only remains for us to acknowledge our gratitude to Sri. N. Anantha Sarma Sastri and Sri. B. Sadananda Prabhu, who have done the responsibility task of translating the work into Malayalam and English respectively; and to Sri Gosripuram Harikumar", who has embellished the book with attractive multi-coloured illustrations and pictures depicting the incidents of the story.

We are greately indebted to Sri. A. Vamana Bhat, and L. Krishna Bhat Melshantis, T.D. Temple, for perusing the manuscript and other support extended to us.

Our thanks are also due to Sri. K. Purushothama Pai, Sri. H. Sanathana Pai and other Mahajans for their unstinting help extended to us in various ways in the preparation of this book and its publication.

Lastly but not the least our sincere thanks are due to M/s. Sreyas Computers for computer typesetting, M/s. Media Agencies, Sri. R. Ravi Bhat, Sri. Rajesh Prabhu for photos and all the advertisers, without whom this books would not be a reality, for their co-operation in getting the book printed within a short period of time.

Cochin- 682 002.
1st Margasirsha, 1921
(Saka Year)
8th December , 1999


ARJUNS ARTS AND CULTURAL ASSOCIATION
PUBLISHERS

ॐ

श्रीवेंकटेशायनम् ॥

ശ്രീവെങ്കടേശായനം

प्रथमोध्याय: (१)



भक्तिमुक्तिप्रदं देवं गोश्रीवेंकट नायकम् ॥
नत्वा तच्चरितं वक्ष्ये यथाऽधीतं गुरोर्मया ॥१॥

ഭക്തിമോക്ഷങ്ങളെ പ്രദാനം ചെയ്യുന്നവനും ഗോശ്രീപുരത്തിൽ അധിവസിക്കുന്നവനും ആയ വെങ്കടാചലപതിയെ നമസ്ക്കരിച്ച്, എൻെറ ഗുരുവിങ്കൽ നിന്നും അദ്ധ്യയനം ചെയ്ത പ്രകാരം ഞാൻ അദ്ദേഹത്തിൻെറ (വെങ്കടാചലപതിയുടെ) ചരിത്രത്തെ വർണ്ണിക്കുന്നു.

Offering my prostrations to Lord Venkatachalapathi of Gosripura (Kochi) who bestows devotion (Bhakthi) and liberation from the cycle of births and deaths (Moksha from Samsara), I shall narrate His story in the same manner as I had learnt it from my Guru or preceptor.



पुरा सूर्यकुले राजा नरसिंह इतिस्मृत: ॥
चोळदेशाधिप: श्रीमान् प्रजा धर्मेण पालयन् ॥२॥

പണ്ടു സൂര്യവംശത്തിൽ ജനിച്ചവനും ചോളദേശാധിപതിയും ധർമ്മാനുസാരം പ്രജകളുടെ പരിപാലനം ചെയ്യുന്നവനും ആയ നരസിംഹൻ എന്ന ഒരു രാജാവ് ഉണ്ടായിരുന്നു. (2)

A long time ago, a King known as Narasimha was the ruler of the kingdom of Chola (part of Karnataka and Tamilnadu). He was born in the Solar Race, glorious and looked after the welfare of his subjects righteously.

सोतीव विष्णुभक्तश्च देवब्राह्मणपूजक: ॥
कस्यचिदप्रियं नासीत्तस्मिन् पालयति प्रजा: ॥३॥

ശ്രീ മഹാവിഷ്ണുവിൽ ദൃഢഭക്തിയുള്ളവനും ദേവബ്രാഹ്മണരെ ആരാധിക്കുന്നവനുമായ അദ്ദേഹത്തിൻെറ ഭരണവ്യവസ്ഥയിൽ യാതൊരുത്തനും യാതൊരു അപ്രിയവും സംഭവിച്ചില്ല. (3)

He was a great devotee of Vishnu and worshipper of Gods and Brahmans. No evil or sufferings befell any of his subjects when he was their Ruler.

विशेषतो वेंकटेशे भक्तिरव्यभिचारिणी ॥
दिने दिने समृद्धाभूत् शुक्लपक्षो डुराडि व ॥४॥

വിശേഷിച്ചു ശ്രീ വെങ്കടാചലപതിയിൽ അദ്ദേഹത്തിനുണ്ടായിരുന്ന നിശ്ചലഭക്തി ശുക്ലപക്ഷത്തിലെ ചന്ദ്രബിംബംപോലെ പ്രതിദിനം വർദ്ധിച്ചു വന്നു. (4)

Specially, his stead-fast devotion to Lord Venkatesha went on increasing day by day just like the moon during the bright fortnight of the lunar month.

श्रीनिवासपदांभोजे नित्यमाराधयन्नृप: ॥
उवास सुचिरंकालं परमानन्दनिर्भर: ॥५॥

ശ്രീനിവാസ സ്വാമിയുടെ ചരണ കമലങ്ങളെ നിത്യം ആരാധിച്ചിരുന്ന അദ്ദേഹം പരമാനന്ദ നിർഭരനായി ചിരകാലം രാജധാനിയിൽ താമസിച്ചു. (5)

The king lived for a long time immersed in great happiness and joy worshipping daily the lotus feet of Lord Sreenivasa.



एकदा स नराधीशो जरया पीडितोऽपिसन् ॥
मार्गमाक्रम्य शेषाद्रौ सोपाने न्यपतद्भुवि ॥६॥

കാലക്രമത്തിൽ വാർദ്ധക്യത്തെ പ്രാപിച്ചുവെങ്കിലും ശേഷാദ്രി പർവ്വതത്തിൽ ചെന്ന് സ്വാമിദർശനം നടത്തുവാൻ നിശ്ചയിച്ച അദ്ദേഹം കാൽനടയായി യാത്രചെയ്ത് ശേഷാദ്രിപർവ്വതം വരെ എത്തി. പർവ്വതസോപാനങ്ങളിൽ കൂടികയറികൊണ്ടിരിക്കുമ്പോൾ വാർദ്ധക്യവും അദ്ധ്വാനശ്രമവും കൊണ്ടുണ്ടായ അശക്തിയാൽ സോപാനത്തിൻമേൽ വീണു. (6)


Though the king was overcome and troubled by oldage, one day he travelled the way on foot to Seshadri, but fell down on the ground while climbing the steps of the mountain.



अतीव व्याकुलो भूत्वा मूर्च्छां प्राप्तोऽतिदुःखितः ॥
सस्मार वेंकटाधीशं विललाप पुनः पुनः ॥७॥

മൂർച്ഛയേയും ദു:ഖത്തേയും പ്രാപിച്ച അദ്ദേഹം അതിവ്യാകുലനാവുകയും മനസ്സിൽ ശ്രീ വെങ്കടാചലപതിയെ സ്മരിച്ച് വീണ്ടും വീണ്ടും വിലപിക്കുകയും ചെയ്തു. (7)


Having fainted, and overcome by immense distress and grief, he remembered Lord Venkatesha and lamented again and again.



मुहूर्तांते समुत्थाय गत्वा स्वामि सरोवरे ॥
स्नात्वा देवं प्रणम्याशु शोकगद्गदकण्ठवान् ॥८॥

ഒരു മുഹൂർത്തംവരെ വിലപിച്ചതിൽ പിന്നെ അവിടെനിന്ന് എഴുന്നേൽക്കുകയും സ്വാമിസരോവരത്തിൽ ചെന്ന് സ്നാനം ചെയ്യുകയും ശ്രീ വെങ്കടാചലപതിയെ മനസ്സിൽ ധ്യാനിച്ച് നമസ്ക്കരിക്കുകയും ശോകഗദ്ഗദകണ്ഠത്തോടു കൂടിയവനായി സ്വാമിയെ സ്തുതിക്കുവാൻ തുടങ്ങുകയുംചെയ്തു. (8)

After a short time, he got up and proceeded to the sacred "Swamy Sarovara" temple tank and bathed therein. Soon after that he offered his salutations to the Lord. His voice was faltering on account of immense grief.



स्तुत्वा नारायणं देवं श्रीनिवासं निरामयम् ॥
इति प्रणम्य भूयोऽपि पतित: शरणागत: ॥९॥

ശ്രീനിവാസൻ, നിരാമയൻ, നാരായണൻ ഇത്യാദി നാമങ്ങളാൽ ശ്രീസ്വാമിയെസ്തുതിച്ച് ശരണം പ്രാപിക്കുകയും അദ്ദേഹത്തിൻെറ ചരണങ്ങളെ ധ്യാനിച്ച് വീണ്ടും വീണ്ടും നമസ്ക്കരിച്ച് ഭൂമിയിൽ വീഴുകയും ചെയ്തു. (9)


In such a voice he praised to the Lord repeating his sacred names such as Narayana, Sreenivasa and Niramaya. Again he prostrated before the Lord, fell on the ground and sought refuge in Him.

श्रीनिवासो दयापूर्णो राजानं हितकाम्यया ॥
उवाच वचनं देववाण्याऽऽकाशगया तत: ॥१०॥

ദയാനിധിയായ ശ്രീനിവാസസ്വാമി ഭക്തിസമ്പന്നനായ രാജാവിൻെറ ഹിതത്തെ ചിന്തിച്ച് ആകാശത്തു നിന്നുള്ള അശരീരി വാക്കുകളാൽ രാജാവിനോടു ഇപ്രകാരം അരുളി ചെയ്തു. (10)

The merciful Lord Sreenivasa spoke the following words to the king with the intention of doing good to him and the words came in the form of a divine voice from heaven.





मा शोचस्त्वं महाबाहो धैर्यमालंब्य बुद्धिमान् ॥
मदीयाराधने राजन्दूराध्वानं तु मा कुरु ॥११॥


''അല്ലയോ മഹാബാഹോ! അങ്ങ് ധീരനും ബുദ്ധിമാനും ആണ്. ശോകത്തെ ത്യജിച്ചാലും. എന്നെ ആരാധിക്കു വാനായി ദൂരയാത്ര ചെയ്യേണ്ടതില്ല. (11)

"O, brave and wise king, take courage and do not grieve. You need not undertake a long journey for worshiping Me."

सन्तुष्टोऽहं वरं ब्रूहि दास्यामि तव हृद्गतम् ॥
इत्युक्तो देवदेवेन राजा विह्वलमानसः ॥१२॥

അങ്ങയുടെ ഭക്തിയാൽ ഞാൻ സന്തോഷിച്ചിരിക്കുന്നു. യഥേഷ്ടം വരങ്ങളെ വരിച്ചാലും. വിഹ്വലമനസനായ രാജാവ് ഇപ്രകാരം ആകാശവചനത്തെ കേട്ടു.'' (12)

"I have been pleased. Ask for any boon. I shall grant you whatever your heart desires". Hearing these words of the Supreme Lord, the king's mind was overwhelmed with joy.





उत्थितश्चाग्रतः स्थित्वा रुदन् प्रोवाच तं हरिम् ॥
त्वामहं शरणं प्राप्तस्त्वमेव ब्रूहि मे हितम् ॥१३॥

ഇതുകേട്ട് എഴുന്നേറ്റു നിന്നു തൊഴുത് ഗദ്ഗദവാണിയാൽ ഇപ്രകാരം പറഞ്ഞു :- ''ഹെ സ്വാമിൻ! ഞാൻ അങ്ങയ്ക്ക് ശരണം പ്രാപിച്ചിരിക്കുന്നു, എന്റെ ഹിതത്തെ അങ്ങുതന്നെ വിധിച്ചാലും!'' (13)

He got up, stood in front of the Lord and said to Vishnu with his eyes shedding tears. "I have surrendered and sought refuge in You. You Yourselves be pleased to say what is beneficial for me".

श्री वेंकटेश उवाच ॥

श्रृणु राजन् प्रवक्ष्यामि यत्पृष्टं तु त्वयाऽनघ ॥
गच्छ विद्यानगर्यान्तु कुरु मे मन्दिरं परम् ॥१४॥

വെങ്കടാചലപതി ഇപ്രകാരം അരുളിചെയ്തു. ''അല്ലയോ രാജൻ! അങ്ങയുടെ ഹിതത്തെ കേട്ടാലും, അങ്ങ് വിദ്യാനഗരത്തിൽപോയി ഒരു ക്ഷേത്രത്തെ നിർമ്മിച്ചാലും. (14)



Lord Venkatesa replied :-
"O pure and sinless king, hear from me what you have asked for that is conducive to your welfare. Go to Vidyanagar and built there an excellent temple for Me".



शिल्पी कश्चित्समागम्य मदीयं विग्रहं शुभम् ॥
कृत्वा दास्यति तुभ्यं वै तस्य पूजां समाचर ॥१५॥

ഒരു ശില്പി അവിടെ വന്ന് എൻെറ വിഗ്രഹത്തെനിർമ്മിച്ച് അങ്ങയ്ക്ക് തരും. അതിനെ അങ്ങ് ആരാധിച്ചാൽ മതി. (15)

"A sculptor will approach you; he will prepare an auspicious idol of Mine and give it to you. You perform the worship of that idol thereafter."



इत्याऽऽकाशगतां वाणीं श्रुत्वा राजातिविह्वलः ॥
स्वप्नोवा मे भ्रमो वापि माया वा सत्यमेव वा ॥१६॥

ഇപ്രകാരമുള്ള ആകാശവചനത്തെകേട്ട് ആശ്ചര്യമഗ്നനായ രാജാവ് ഇത് ഒരു സ്വപ്നമോ അഥവാ, ഭ്രമമോ അതോ മായയോ, സത്യംതന്നെയോ എന്നു ചിന്തിച്ചു. (16)

Hearing these divine words from heaven, the king was overcome by surprise and joy. He could not make out whether it was a dream, mental confusion, delusion or reality.

इति संचिन्त्य मनसा ययौ राजा स्वकं पुरं ॥
मन्त्रिणश्च समाहूय महदानन्द निर्भरः ॥१७॥

ഇപ്രകാരം മനസ്സിൽ ചിന്തിച്ചുംകൊണ്ട് രാജധാനിയിലേയ്ക്കു മടങ്ങിയ അദ്ദേഹം ആനന്ദനിർഭരനായി മന്ത്രിമാരെ വിളിയ്ക്കുവാൻ കല്പന നൽകി. (17)

Having these thoughts in his mind, the king went to his city. He was full of joy and summoned his ministers.





आज्ञप्तं यत्तु देवेन तदस्माकं विधीयताम् ॥
अनेकगोपुरोपेतं दिव्यालंकारशोभितम् ॥१८॥


എപ്രകാരം ഭഗവാൻ ആജ്ഞാപിച്ചുവോ അപ്രകാരം മന്ത്രിമാരെകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ ആഗ്രഹിച്ചു. ദേവാലയം അനേക ഗോപുരങ്ങളാലും ദിവ്യാലങ്കാരങ്ങളാലും ശോഭിക്കുന്നതായിരിക്കണമെന്ന് കല്പിച്ചു. (18)

Whatever the Lord had instructed the king to do, the king wanted the same to be accomplished by his ministers. The temple should have many towering, gateways and should be decorated with beautiful heavenly ornaments.

विमानं बहुचित्राढ्यं पताकाद्यैश्च संयुतं ॥
निर्माप्यतां क्रमेणैव सर्वं भगवदाज्ञया ॥१९॥

ദേവാലയത്തിൻെറ പ്രധാനഭാഗമായ വിമാനം (ശ്രീകോവിൽ) ചിത്രപ്പണികളാലും തോരണങ്ങളാലും ബഹുചിത്രങ്ങളാലും പതാകകളാലും ശോഭിക്കത്തക്ക വിധത്തിൽ ക്രമപ്രകാരം നിർമ്മിക്കുവാൻ മന്ത്രിമാരോട് ആജ്ഞാപിച്ചു. (19)

The sanctum sanctorum i.e., interior holy part of the temple should be adorned with pictures, paintings, flags, banners etc. The ministers were ordered to arrange the entire construction work of the temple gradually according to the Lord's instructions.



राज्ञाज्ञप्तः प्रधानस्तु विमानं बहुसुन्दरं ॥
निर्मापयन् क्रमेणैव सर्वं भगवदाज्ञया ॥२०॥


ഭഗവദാജ്ഞപ്രകാരം രാജകല്പനയെ ലഭിച്ച പ്രധാന മന്ത്രി യഥാക്രമം അതിസുന്ദരമായ ദേവാലയം നിർമ്മിക്കുകയും വിവരം രാജാവിനെ ധരിപ്പിക്കുകയും ചെയ്തു. (20)

According to the Lord's order to the king and the kings order to his ministers, an extremely beautiful temple was constructed in due order.

आलयं रचितं देव राजानं तमुवाच ह ॥
मन्त्रिणस्तु वचः श्रुत्वा तुष्टोभून्नृपपुंगवः ॥२१॥

കൽപന പ്രകാരം ദേവാലയ നിർമ്മാണം കഴിഞ്ഞതായി മന്ത്രിമാരിൽ പ്രധാനിയിൽ നിന്നുമറിഞ്ഞ രാജാവ് അതീവ സന്തുഷ്ടനാവുകയും ചെയ്തു. (21)

The chief among the ministers then informed the king that the temple has been duly constructed. The king was highly pleased on hearing the words of the minister.



कदा वा शिल्पिरागत्य कृत्वा दास्यति विग्रहम् ॥
इति चिन्ताभृते चित्ते शिल्पिरूपधरो हरिः ॥२२॥

അതിനുശേഷം ആകാശവചന പ്രകാരം ശില്പി എപ്പോൾ വന്ന് വിഗ്രഹം ഉണ്ടാക്കുമെന്ന് രാജാവ് ചിന്താധീനനായിരിക്കുമ്പോൾ വിഷ്ണു ഭഗവാൻ സ്വയം ശില്പിരൂപം ധരിച്ചു. (22)

Thereafter, the king's mind was constantly worried with the thought "when will the sculptor come to prepare the idol and give it to me". Lord Vishnu himself assumed the form of a sculptor.

स्वयमागत्य प्रोवाच कर्तव्यं किल भूमिप ॥
स्वर्ण रजतताम्रादि धातवः केवलं मम ॥२३॥

ശില്പിരൂപം ധരിച്ച ഭഗവാൻ അവിടെ വന്ന് വിഗ്രഹ നിർമ്മാണത്തിന് ആവശ്യമുള്ള സ്വർണ്ണം, വെള്ളി, ചെമ്പ് മുതലായ ലോഹങ്ങൾ രാജാവിനോട് ആവശ്യപ്പെട്ടു. (23)

The sculptor (Lord) approached the king and enquired "Is there any work to done by me ? Gold, silver, copper and other metals only are required by me (for preparing the idol)."

दीयतामविलंबेन भवनं दर्शयाशु मे ॥
सन्तुष्टो नृपशार्दूलो यदुक्तं तत्प्रदत्तवान् ॥२४॥

ഇപ്രകാരം ശില്പി വിഗ്രഹനിർമ്മിതിക്കുവേണ്ടി പഞ്ചലോഹങ്ങളും നിർമ്മാണസ്ഥലമായി ഒരു വീടും ആവശ്യപ്പെട്ടതനുസരിച്ച് രാജാവ് എല്ലാംതന്നെ സൗകര്യപ്പെടുത്തിക്കൊടുത്തു. (24)


"Please give me the required metals without any delay and also provide me with a house for stay and work". The king who was very pleased gave the sculptor all that he asked for.



मूर्ति निर्मापणे शिल्पिभवनान्तर्गतश्च सः
मूर्तिरूपी स्वयं तत्र ह्याविरासीज्जनार्दनः ॥२५॥

ശില്പി വിഗ്രഹ നിർമ്മാണത്തിനുവേണ്ടി തനിക്ക് അനുവദിച്ച ഗൃഹത്തിൽ പ്രവേശിച്ചു. ശില്പിരൂപത്തിൽ വേഷപ്രച്ഛന്നനായി വന്ന ഭഗവാൻ (വിഷ്ണു) സ്വയം വെങ്കടാചലപതി രൂപത്തിൽ വിഗ്രഹമായി. (25)

The sculptor went inside the house allotted to him for the preparation of the idol. Lord Vishnu Himself manifested there in the form of the idol.



ततःपरदिने राजा शिल्पि सन्तोषहेतवे ॥
आगत्य दृष्ट्व भवनं तत्र शिल्पिंन दृष्टवान्॥२६॥

പിറ്റേദിവസം ശില്പിയെ സമ്മാനങ്ങൾ നൽകി സന്തോഷിപ്പിക്കുവാൻ, അയാൾക്ക് അനുവദിച്ച് ഗൃഹത്തിൽ പോയ രാജാവിന് ഒരിടത്തും ശില്പിയെ കാണുവാൻ കഴിഞ്ഞില്ല (26)

Next day the king proceeded to the sculptor's house with the intention of pleasing him with rewards. He searched the interior of the house but could not find the sculptor there.

अन्तर्भूतं शिल्पिरूपं दृष्ट्वा तत्र सुबिम्बकम् ॥
आश्चर्यमेतद्भवने शिल्पिस्तावन्न दृश्यते ॥२७॥

എന്നാൽ ശില്പിയ്ക്കുപകരം സർവ്വലക്ഷണസമ്പന്നമായ വെങ്കടാചലപതി വിഗ്രഹം കണ്ട് ആശ്ചര്യപ്പെടുകയും ശില്പിയെ കാണാതായത് അമാനുഷികമായ സംഭവമാണെന്നും അറിയുകയും ചെയ്തു. (27)

However when the king saw there the divine idol of Lord Venkatesha into which the sculptor's form had disappeared, he thought : " This is a great wonder. The sculptor is not at all to be seen here".

इति चिन्तायुत राज्ञि वागुत्सृष्टा स्वयंभुवा ॥
मा शोचस्त्वं महाबाहो स्थापयै तत्तु विग्रहम् ॥२८॥

രാജാവ് ശില്പിയെകാണാതെപോയ സംഭവത്തെപറ്റി വിചാര മഗ്നനായിരിക്കുമ്പോൾ ഇപ്രകാരമുള്ള ആകാശവചനമുണ്ടായി. ''അല്ലയോ മഹാബാഹോ! ചിന്തയെ ത്യജിച്ച് വിഗ്രഹത്തെ പ്രതിഷ്ഠിച്ചാലും''. (28)

When the king was very much worried by this thought, he heard the following divine words from heaven: "O brave king! do not grieve or worry. You install this idol in temple".



यदाऽऽकाशे देवतानां श्रूयेत दुन्दुभिस्वनः ॥
तदा शुभमुहूर्ते तु मन्मूर्तिस्थापनं कुरु ॥२९॥


''എന്റെ ആജ്ഞാനുസരണം ആകാശത്തുനിന്നും ദേവതകളാൽ ദുന്ദുഭിശബ്ദം (ഭേരി ശബ്ദം) പുറപ്പെടുവിക്കപ്പെടും. ആ സമയമാണ് എന്റെ വിഗ്രഹം പ്രതിഷ്ഠിക്കുവാനുള്ള ശുഭമുഹൂർത്തം'' എന്ന് അരുളിചെയ്തു. (29)

"When you hear the sound of the beating of large kettle drums (dundhubhi) by Gods in heaven, at that auspicious time you should install My idol in the temple."

इत्याकाशगतां वाणीं श्रुत्वा राजा तु ब्राह्मणान्
विज्ञाप्य दुन्दुभेः शब्दं श्रोतुमन्वीक्ष्य तस्थिवान् ॥३०॥

ആകാശവചന പ്രകാരം രാജാവ് ബ്രാഹ്മണരെ വിളിച്ചുവരുത്തുകയും പ്രതിഷ്ഠാമുഹൂർത്തത്തിന് ആകാശത്തുനിന്നുള്ള ദുന്ദുഭി ശബ്ദം കേൾക്കുവാൻ ശ്രദ്ധിച്ചു നിൽക്കുകയുമുണ്ടായി. (30)

On hearing the above divine words from heaven, the King invited and informed Brahmans for making necessary preparations and remained attentive expecting to hear the sound of the divine kettle drums from heaven.



वायस: काष्ट शकलं धृत्वा चञ्चुपुटेऽभ्यगात् ॥
तदा दैववशात्काष्टशकलं पतितं मुखात् ॥३१॥

ഒരു കാക്ക ചുള്ളിക്കമ്പ് കൊക്കിൽ പിടിച്ചുകൊണ്ട് ആ സ്ഥലത്തിനു മുകളിൽ കൂടി പറന്നുപോകുമ്പോൾ ദൈവഹിതം പോലെ ആ ചുള്ളിക്കഷ്ണം അതിന്റെ കൊക്കിൽ നിന്നും താഴെവീണു. (31)

A crow, carrying a small piece of wood in its beak happened to be flying over that place and by the will of God the piece of wood fell down from its mouth at that time.





वायसस्य मुखे भेर्यास्ततोऽभूद्दुन्दुभिस्वन: ॥
प्रतिष्ठाप्य तदा देवं वेंकटाद्रिशिखामणिम् ॥३२॥

കാക്കയുടെ കൊക്കിൽ നിന്നും താഴെ വീണ ചുള്ളിക്കഷ്ണം അമ്പലത്തിലെ ഭേരീമുഖത്ത് വീഴുകയും ദുന്ദുഭിശബ്ദം പോലെ ശബ്ദമുണ്ടാകുകയും, ഈ ശബ്ദം കേട്ട് രാജാവ് വിഗ്രഹം പ്രതിഷ്ഠിക്കുകയും ചെയ്തു. (32)


From the crow's mouth it fell on the kettle drum of the temple and then it produced a sound similar to that of the beating of kettle drums. On hearing this sound, the king immediately installed the idol of Lord Venkatesa.



अलंकृत्यार्चितं सम्यक् नीराञ्जनमकारयत् ॥
तदा यथोक्तशब्दस्तु दुन्दुभेः समजायत ॥३३॥

പ്രതിഷ്ഠാനന്തരം പലതരത്തിലുള്ള ആഭരണങ്ങൾ അണിയിക്കുകയും പുഷ്പാലങ്കാരം, നൈവേദ്യ നീരാഞ്ജനാദികൾ നടത്തുകയും ചെയ്തപ്പോൾ ആകാശവചനപ്രകാരമുള്ള യഥാർത്ഥ ദുന്ദുഭിശബ്ദം കേട്ടു. (33)

The Lord's idol was well adorned with beautiful ornaments and rites of worship were duly performed, including the waving of lights. It was at that time that the real sound of the divine kettle drum was heard from heaven.



श्रुत्वा राजा मुहूर्तार्द्धे सर्वे चातीव विस्मिताः ॥
रुरोद राजा धर्मात्मा सर्वेषां पश्यतां नृणाम् ॥३४॥

പ്രതിഷ്ഠാനന്തരമുണ്ടായ ഭേരിശശബ്ദം കേട്ട് രാജാവും ജനങ്ങളും അതീവ വിസ്മിതഭരിതരാവുകയും, രാജാവ് ദു:ഖ വ്യാകുലനായി വിലപിക്കുകയും ചെയ്തു. (34)

The King and all people gathered there were very surprised on hearing the sound from heaven some time after the idol was already installed. The righteous King burst into tears even when all the people were watching.

मुहूर्तकाले नैवाभूत्प्रतिष्ठा वेंकटेशितुः ॥
इत्येव विलपन् भूयो नष्टसंज्ञो बभूव ह ॥३५॥


ദൈവകല്പിതമായ ശുഭമുഹൂർത്തത്തിൽ വെങ്കടാചലപതിയുടെ പ്രതിഷ്ഠ നടക്കാത്തതിൽ രാജാവ് വ്യാകുലനായി വിലപിച്ച് നഷ്ടപ്രജ്ഞനായി ഭവിച്ചു. (35)

"The installation of the idol of Lord Venkatesha was not performed at the auspicious time fixed for it". Saying this the King lamented for long and lost his consciousness.


तदाकाशाच्छ्रुतं वाक्यं मेघगम्भीरमीशितुः ॥
श्रुयतां भूपते यद्यद्भवितव्यं भविष्यति ॥३६॥

അപ്പോൾ ആകാശത്തുനിന്നും മേഘഗർജ്ജനതുല്യമായതും സാക്ഷാൽ ഈശ്വരനാൽ ഭാഷിയ്ക്കപ്പെട്ടതുമായ അശരീരി വാക്യം കേട്ടു. ''അല്ലയോ രാജാവെ, ഭവിക്കുവാനുള്ളത് ഭവിക്കുകതന്നെ ചെയ്യും. (36)

Just then the Lord's words were heard from Heaven with their sound resembling the thunder of clouds, "O King please hear, whatever is destined to happen will definitely happen".




गोश्रीपुरमितिख्यातं नगरं पृथिवीतले ॥
भविष्यति महाराज तत्रगन्तास्म्यहं क्रमात् ॥३७॥



''ഈ ഭൂമിയിൽ ഗോശ്രീപുരമെന്ന പേരുള്ള വിഖ്യാത നഗരം ഭാവിയിൽ ഉണ്ടായി വരും. കാലക്രമത്തിൽ ഞാൻ അവിടെ പോയി നിവസിക്കും.'' (37)

"O King, in future there will come into being a city on the face of this earth, which will become famous with the name of "Gosripura". In course of time, I will go to that place and stay there."




एवं मम मतं ज्ञात्वा दैवाच्छ ब्दोऽन्यथा कृतः ॥
सुमुहूर्तं तदा मत्वा प्रतिष्ठा कारिता त्वया ॥३८॥

ഇപ്രകാരം എൻെറ ഇച്ഛയാൽ ദൈവഗത്യാ ദുന്ദുഭിശബ്ദം അന്യഥാഭവിക്കുകയും ആയതിനെ സുമുഹൂർത്തമെന്നു കരുതി താങ്കൾ എൻെറ പ്രതിഷ്ഠ നടത്തുകയും ചെയ്തു. (38)

"It was in accordance with My will that Destiny arranged for a similar sound from a different kettle-drum at a wrong time or muhurtham. You misunderstood it to be the auspicious time and installed My idol at the wrong muhurtha".

श्रुत्वा खिन्नमनाः सर्वे राजानं चेदमूचिरे ॥
न स्मर्तव्यं गतं किञ्चित् कर्तव्यं तद्विधीयताम् ॥३९॥



ഈ അശരീരിവാക്കുകേട്ട് എല്ലാവർക്കും മനസ്സിൽ സങ്കടം ഉണ്ടായി. മനഃക്ലേശത്തോടുകൂടിയ രാജാവിനെ ഇപ്രകാരം ജനങ്ങൾ സമാശ്വസിപ്പിച്ചു. ''അല്ലയോ രാജാവെ, കഴിഞ്ഞുപോയതിനെ ചിന്തിച്ച് സങ്കടപ്പെടരുത്. ഇപ്പോൾ എന്താണ് വേണ്ടതെന്ന് അനുഷ്ഠിച്ചാലും'' (39)


All the people were grief-struck on hearing these divine words and consoled the king saying: " Please do not worry over whatever has already happened and arrange for the due performance of your duties in future".

दीयतां ब्राह्मणेभ्योऽन्नं यथायोग्यां च दक्षिणाम् ॥

ब्राह्मणानां वच: श्रुत्वा भोजनैर्भूरिदक्षिणै: ॥४०॥

''ഇപ്പോൾ ഇവിടെ സന്നിഹിതരായിരിക്കുന്ന ബ്രാഹ്മണരെ യഥായോഗ്യം ഭോജനദക്ഷിണാദികളാൽ സന്തോഷിപ്പി ച്ചാലും'' (40)

"Let the brahmins be feasted and given dakshina or gifts appropriate to this occasion". According to the advice of the brahmins the king fed and gave large amounts of gifts to them.





तोषयित्वा द्विजान् सम्यङ् नित्यमाराधयद्विभुम् ॥

उषित्वा सुचिरं कालं भुवं त्यक्त्वा दिवं गत: ॥४१॥

इति श्री वेंकटेशायने नरसिंहभूपचरितं नाम प्रथमोऽध्याय: ॥


ബ്രാഹ്മണരെ സന്തോഷിപ്പിച്ചും നല്ലവിധിപ്രകാരം വെങ്കടാചലപതിയെ ആരാധിച്ചും വളരെക്കാലം രാജ്യം ഭരിച്ച് രാജാവ് ഭൂലോകത്ത് നിന്നും സ്വർഗ്ഗാരോഹണം ചെയ്തു. (41)

ഇപ്രകാരം വെങ്കടേശായനത്തിലെ ''നരസിംഹഭൂപചരിത്രം'' എന്ന ഒന്നാമദ്ധ്യായം സമാപിച്ചു.

The Brahmins were well satisfied and pleased by the king. Thereafter, the king devoutly worshiped the Lord daily and lived for a long time. At the end, he gave up his life on earth and went to the heavenly abode of Gods.

(Thus the first chapter of 'Shri Venkatesayanam' entitled "The Story of King Narasimha" is completed)


अथ द्वितीयोऽध्याय: ॥२॥



यदा राजा गत: स्वर्गं कलिधर्मोऽप्यवर्धत ॥
ब्राह्मणाश्चाप्यनाचारा: स्त्रियश्चव्यभिचारिका: ॥४२॥

രാജാവിൻെറ സ്വർഗ്ഗാരോഹണാനന്തരം കലിയുഗ പ്രഭാവം കൊണ്ട് അധർമ്മം വർദ്ധിച്ച് ബ്രാഹ്മണർ അനാചാരികളും സ്ത്രീകൾ വ്യഭിചാരിണികളുമായിത്തീർന്നു. (42)

After the departure of the righteous king Narasimha to heaven, unrighteousness which is characteristic of Kaliyuga was on the rise. Brahmans lost their nobleness and their conduct became improper or eveil. Women lost chastity and resorted to adultery.



अनाचारात् फलं तत्र दुर्भिक्षं च दरिद्रता ॥
प्राप्तं ग्रामे तु संवीक्ष्य देवदेवो रमापति: ॥४३॥


അനാചാരം പ്രബലമായതോടുകൂടി രാജാവിൻെറ നഗരത്തിൽ ക്ഷാമവും ദാരിദ്രവും കടന്നുകൂടി നാശം വിതച്ചു. ഇതെല്ലാം ദേവതാ സാർവ്വഭൌമനായ ശ്രീ ലക്ഷ്മീപതി വെങ്കടേശസ്വാമി മനസ്സിലാക്കി. (43)

As a result of unrighteousness, the city of the departed king fell a prey to famine and poverty. The Supreme Lord Venkatesa, the presiding deity of the city, saw the deteriorating situation.

उवाच स्वप्ने विप्रस्य कर्णे मां नीयतां त्विति ॥
अनाचारात् पुरी दग्धा भविष्यति न संशय: ॥४४॥

സജ്ജന പ്രിയനായ വെങ്കടാചലപതി അർച്ചകനായ ബ്രാഹ്മണന് സ്വപ്നത്തിൽ ദർശനം നൽകി ഇപ്രകാരം അരുളി ചെയ്തു. ''എന്നെ ഇവിടെനിന്നും മാറ്റണം. ദുരാചാര ഫലമായി ഈ നഗരം അഗ്നിക്ക് ഇരയാകും ഇതിനു സംശയമില്ല''. (44)


The Lord appeared in the temple-priest's dream and whispered in his ears. "You take Me away from here. This city will surely be consumed by fire because of evil conduct and unrighteousness".



अस्ति कूपस्तु क्रोशार्धे विपिने चोत्तरेत्विति ॥
तत्रक्षिप्त्वा तु भो ब्रह्मन् गच्छ तावद्यथासुखम् ॥४५॥

അല്ലയോ ബ്രാഹ്മണാ! ഇവിടെ നിന്നും രണ്ടുയോജന വടക്കോട്ടു ചെന്നാൽ അവിടെ ഒരു കിണറുകാണാം. ആ കിണറ്റിൽ എന്റെ വിഗ്രഹം നിക്ഷേപിച്ച് നീ സുഖമായി ജീവിക്കുക. (45)

"O Brahmin, there is a well in the forest on the northern side of this city situated at a distance of half Krosha (about 2 miles or 3.2 Kms.). After dropping My idol into that well, you can go away and live happily".



इत्थं स्वप्नगतां वाणीं श्रुत्वा विप्रस्तु दुःखितः ॥
रुरोद नीत्वा तां रात्रीं प्रातः स्नात्वाऽलयंगतः ॥४६॥

മേൽ വിവരിച്ച സ്വപ്ന വൃത്താന്തം ആലോചിച്ച് അർച്ചകനായ ബ്രാഹ്മണൻ വളരെ ദുഃഖിക്കുകയും വിലപിക്കുകയും ചെയ്ത് ആ ദുഃഖരാത്രി കഴിച്ചുകൂട്ടി. പിറ്റേദിവസം കുളിച്ച് അമ്പലത്തിൽ ചെന്നു. (46)

Hearing these words of the Lord in his dream, the temple-priest became very unhappy and wept intensly. He passed that night with great difficulty and the next early morning he went to the temple after taking bath.



देवं यथावत्संपूज्य बिम्बमादाय सत्वरः ॥
गत्वा तु विपिने तस्मिन्नन्धकूपेऽक्षिपत्प्रभुम् ॥४७॥

അമ്പലത്തിൽ പ്രവേശിച്ച അർച്ചകൻ വിധിപ്രകാരം ദേവന് പൂജകഴിച്ച് വിഗ്രഹം കയ്യിലെടുത്ത് ധൃതിയിൽ നടന്ന് കാട്ടിലെത്തിച്ചേരുകയും ദൈവവിഗ്രഹം അന്ധകാരമയമായ കിണറ്റിൽ നിക്ഷേപിക്കുകയും ചെയ്തു. (47)


He performed the worship of the Lord in accordance with the rites laid down in the Sastras, took the idol in his hands and hastily proceeded to the forest. The priest then dropped the idol of the Lord into the well which was pervaded by darkness.

तदा दग्धां तु नगरीं दृष्ट्वा सर्वे महाजनाः ॥
स्वपुत्रभार्याद्यादाय ययावन्यपुरीं शुभाम् ॥४८॥

അനന്തരം നഗരം അഗ്നിക്ക് ഇരയായി. ഭയവിഹ്വലരായ നഗരവാസികൾ തങ്ങളുടെ കളത്രപുത്രാദികളേയും കൊണ്ടു പോകുവാൻ സാധിക്കുന്നത്ര ധനസമ്പത്തുകളെയും കൊണ്ട് അന്യനഗരങ്ങളിൽ അഭയം പ്രാപിച്ചു. (48)



At that psychological point of time, a huge fire broke out and started devouring the entire city. In the face of this calamity, all the inhabitants of the city fled away and migrated to other good cities along with their wives, children and whatever valuable possessions they could carry.



अर्चकस्तु स्वभवनं गत्वा पुत्रादिकांस्तदा ॥
विलोक्य सुखमासीनानदग्धं स्वगृहं पुनः ॥४९॥

അർച്ചകനായ ബ്രാഹ്മണൻ ഭഗവദാജ്ഞ നിർവ്വഹിച്ച് സ്വന്തം ഭവനത്തിൽ മടങ്ങിയപ്പോൾ ലേശംപോലും ദഹിപ്പിക്കപ്പെടാത്ത ഭവനത്തിൽ സുഖമായിതാമസിച്ചിരുന്ന ഭാര്യപുത്രാദികളെ കണ്ടു. (49)

The temple priest returned to his house in the city and found that his children and other family members were staying there happily. Surprisingly, his house was in good condition and unaffected by fire.

श्रीनिवासस्य महिमां चिन्तयंश्च मुदान्वितः ॥
उवास सुचिरं कालं चान्ते विष्णुपदं ययौ ॥५०॥

इति श्री वेंकटेशायने विद्यानगरीप्रदाहोनाम द्वितीयोऽध्यायः ॥

ശ്രീനിവാസസ്വാമിയുടെ മഹിമയെ ചിന്തിച്ച് അദ്ദേഹം ആനന്ദഭരിതനായി ചിരകാലം ജീവിക്കുകയും മരണാനന്തരം വിഷ്ണുലോകത്തെ പ്രാപിക്കുകയും ചെയ്തു. (50)

ഇപ്രകാരം വെങ്കടാശയനത്തിലെ 'വിദ്യാനഗരി പ്രദാഹം' എന്ന നാമത്തോടുകൂടിയ രണ്ടാം അദ്ധ്യായം സമാപിച്ചു.

He felt happy thinking of the marvellous glory and grace of Lord Srinivasa, and lived there for a long time. In the end, he attained the heavenly abode Vaikhunta of Lord Vishnu.

Thus the IInd chapter of "Shree Venkateshayana" Entitled "The desrtuction of Vidyanagar City By Fire" is completed

अथ तृतीयोऽध्यायः ॥ ३ ॥

विप्र उवाच


श्रृणु भद्र प्रवक्ष्येऽहं वेंकटेशकथानकम् ॥

कुम्भकोणमठाधीशः सुधीन्द्राख्यश्च भिक्षुकः ॥५१॥

ഗുരുനാഥൻ ഇതിഹാസശ്രവണത്തിൽ ശ്രദ്ധാലുവായ ശിഷ്യന് ശ്രീ വെങ്കടേശ സ്വാമിയുടെ ചരിത്രത്തെ പറഞ്ഞു കേൾപ്പിക്കുന്നത്.

''അല്ലയോ ഭദ്രാ! ശ്രീവെങ്കടേശസ്വാമിയുടെ ചരിത്രത്തെ കേട്ടാലും'' പണ്ട് കുംഭകോണ മഠാധീശനായി സുധീന്ദ്ര തീർത്ഥർ എന്നു പേരായ സന്യാസിയുണ്ടായിരുന്നു. (51)

"The Brahman Guru (Probably the author himself) told his disciple : "O auspicious one! I shall tell you the story of Lord Venkatesa, which you hear". A long time ago, there was a Sannyasi by name Sudheendra Swami who was the head of Kumbhakonam Mutt.




पर्यटन् तीर्थमखिलं क्षेत्राणि विविधानि च ॥

प्राप्तो विद्यानगर्यान्तु न्यवसत्कतिचिद्दिनम् ॥५२॥

അദ്ദേഹം പല തീർത്ഥസ്ഥലങ്ങളും ക്ഷേത്രങ്ങളും സന്ദർശിച്ച് വിദ്യാനഗരത്തിൽ എത്തിച്ചേരുകയും കുറെകാലം അവിടെ താമസിക്കുകയും ചെയ്തു. (52)

He travelled from place to place visiting all holy pilgrimage centres and different temples; and having come to Vidyanagar, he stayed there for a few days.




कश्चित् स्वप्नोऽभत्तस्य श्रीनिवासेन दर्शितः ॥

अन्धकूपे वसंतं मां समुद्धृत्य सुपूजय ॥५३॥

സ്വാമികൾക്ക് സ്വപ്നത്തിൽ ശ്രീനിവാസൻ ഇപ്രകാരം അരുളി ചെയ്തു :- ''ഞാൻ ഇപ്പൊൾ അന്ധകാരമായ കിണറ്റിൽ വസിക്കുകയാണ്. അതിൽനിന്നു (കിണറ്റിൽ) എന്നെ ഉദ്ധരിച്ച് പൂജിച്ച് നല്ലപോലെ ആരാധിക്കുക.'' (53)

The Swami had a dream in which Lord Srinivasa told him: "I am now living in a dark well from which you lift Me out and worship Me well".



तेन ते भविता लोके कीर्तिः सर्वसमृद्धिदा ॥
श्वोभूते कश्चिदहिराट् कूपमार्गप्रदर्शिता ॥५४॥

അപ്രകാരം അങ്ങയ്ക്ക് ലോകത്തിൽ കീർത്തിയും സർവ്വ പ്രകാരത്തിലുള്ള സമൃദ്ധിയും ഉണ്ടാകും. കൂപത്തിലേ ക്കു പോകുന്ന മാർഗ്ഗത്തെ അങ്ങയ്ക്ക് നാളെ ഒരു സർപ്പം കാണിച്ചു കൊടുക്കുകയും ചെയ്യും'' (54)

"By so doing, your fame will spread throughout the world and you will attain all-round prosperity. A Serpent-king will show you the way leading to the well tomorrow."

प्रस्थानाभिमुखः सोऽथ स्वप्नं विस्मृत्य भिक्षुकः
फणामान्दालयन्मार्गदर्शने त्वहिराट् स्थितः ॥५५॥

തലേന്ന് കണ്ട സ്വപ്നത്തെ മറന്ന സ്വാമികൾ വേറെ ദിക്കിലേയ്ക്ക് പ്രയാണം തുടങ്ങി. എന്നാൽ വഴിയിൽ ഒരു സർപ്പം പത്തിവിടർത്തിക്കൊണ്ട് സ്വാമികളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. (55)

When the Sannyasi was about to depart from there on the next morning, forgetting his previous night's dream, a Serpent-king stood on his way swinging its hood with the intention of leading the Swami to the well.






निरोधकमहिं दृष्ट्वा स्वप्नं सस्मार भिक्षुकः ॥
अहिदर्शितमार्गेण प्राप्तं कूपं विलोक्य च ॥५६॥

പ്രയാണത്തിനുള്ള വഴിതടയുന്ന സർപ്പത്തെകണ്ടപ്പോൾ കഴിഞ്ഞ സ്വപ്ന വൃത്താന്തത്തെപറ്റി ഓർമ്മവരികയും ശ്രീസ്വാമികൾ സർപ്പം കാണിച്ച വഴിക്ക് പോവുകയും കിണറുകാണുകയും ചെയ്തു. (56)

On seeing the Serpent obstructing his path, the Swami remembered his dream and reached the well following the way shown by the Serpent.



जग्राह मूर्तिं लक्ष्मीशं वेंकटाद्रिशिखामणिम् ॥
दृष्ट्वा सुमूर्तिं यतिराट् सन्तुष्टः समजायत ॥५७॥

അന്ധകൂപത്തിൽ ഇറങ്ങി സ്വാമികൾ ലക്ഷ്മീപതിയായ ശ്രീ വെങ്കടാചലപതി വിഗ്രഹത്തെ എടുത്തുകൊണ്ടുവരികയും അതിസുന്ദരമായ വിഗ്രഹം കണ്ട് വളരെയേറെ സന്തോഷിക്കുകയും ചെയ്തു. (57)


The Sannyasi recovered the idol of the Supreme God Venkatachalapathy, the Lord of Goddess Lakshmi, from the well. His joy knew no bounds on seeing the exceedingly beautiful idol.



श्रीव्यासरघुपत्योश्च समीपे न्यस्य पूजयन् ॥
तीर्थयात्रां तथा कृत्वा प्राप्तो वै गोरमापुरीम् ॥५८॥

ശ്രീ സ്വാമികൾ ഈ വിഗ്രഹത്തെ ശ്രീവ്യാസരഘുപതി ദേവരുടെ സമീപത്തിൽ സ്ഥാപിച്ച് പൂജിക്കുകയും ചെയ്തു. പിന്നീട് അവിടെ നിന്നും പുറപ്പെട്ട് തീർത്ഥാടനം ചെയ്തു. ക്രമേണ ഗോശ്രീപുരത്തിൽ (കൊച്ചിയിൽ) എത്തിച്ചേരുകയും ചെയ്തു. (58)

Sudheendra Swami placed this idol of Lord Venkatesa by the side of the other two idols of Sri Vedavyasa and Raghupathi and worshipped it. He again resumed his pilgrimage and in due course of time reached the city of Gosripura (Kochi)



तत्रस्थान्वैष्णवान्सर्वान्मन्त्रमुद्रादिकं ददौ ॥
पूजाराधनवेलायां दृष्ट्वा श्रीवेंकटेश्वरम् ॥५९॥

ശ്രീസ്വാമികൾ വൈഷ്ണവരായ ജനങ്ങൾക്ക് മന്ത്രമുദ്രാധാരണം നല്കി. ശ്രീസ്വാമികൾ പൂജ ചെയ്തുകൊണ്ടിരിക്കുമ്പോൾ ഗ്രാമജനങ്ങൾ മനോഹരമായ ശ്രീവെങ്കടാചലപതി വിഗ്രഹത്തെ കാണാനിടയായി. (59)

The Swami bestowed sacred Mantras and Mudras on all the devotees of Lord Vishnu who were residing in that city. They saw the new idol of Venkateswara while the Swami was offering worship and divine service.



ततो यतिवरैरुक्तं माहात्म्यं वेंकटेशितुः ॥
श्रुत्वा माळप्पमुख्यस्तु ययाचे प्रतिमां तदा ॥६०॥

ശ്രീസ്വാമികളിൽനിന്നും ശ്രീവെങ്കടാചലപതി വിഗ്രഹത്തിന്റെ മാഹാത്മ്യം മനസ്സിലാക്കിയ ഗൌഡ സാരസ്വത ബ്രാഹ്മണ സമുദായത്തിന്റെ മുഖ്യനും പ്രമാണിയുമായ മാളപൈ ശ്രീസ്വാമിയാരോട് വിഗ്രഹത്തെ യാചിച്ചു. (60)


Hearing of the greatness and glories of Lord Venkateswara as narrated by the Swami, Mala Pai, who was the leader of the local Gowda Saraswat Brahman community requested the Swami for that idol.

माळप्पोक्तं तदाकर्ण्य विना स्वर्णाभिषेचनं ॥
न दास्ये प्रतिमामेतां यदीच्छा वर्तते तव ॥६१॥

ശ്രീമാളപൈയുടെ അപേക്ഷ കേട്ടപ്പോൾ ശ്രീസ്വാമികൾ വിഗ്രഹത്തിന്റെ മകുടാന്തംവരെ കനകാഭിഷേകം നടത്തണമെന്നും അല്ലാത്തപക്ഷം വിഗ്രഹം നൽകുവാൻ നിർവ്വാഹമില്ലെന്നും പറഞ്ഞു.(61)

Hearing the request of Mala Pai, the Swami said : "If you really desire to have the idol, know that I cannot give it unless you are able to perform Abhisheka of gold for it i.e., the entire idol upto its topmost point should be covered by a heap of gold."





इत्युक्तं यतिवर्येण श्रुत्वोवाच पुनर्द्विजः
अहमेव स्वयं दास्ये कनकं बिम्बपूर्तिकम् ॥
रामनामाङ्किता मुद्राः कृष्णराजेति चिन्हिताः ॥६२॥

സ്വാമികളുടെ വാക്കുകൾ കേട്ട് ധനാഢ്യനായ മുഖ്യൻ, "താൻ ഒരാൾ തന്നെ മകുടാന്തം കനകാഭിഷേകത്തിനു വേണ്ട രാമനാമാങ്കിത സ്വർണ്ണനാണയങ്ങളും കൃഷ്ണരാജ വരാഹനും അർപ്പണം നടത്താമെന്നും സമ്മതിച്ചു. (62)


Hearing these words of the Swami, the Brahman Mala Pai said: "I myself shall give you gold coins bearing the seal of Sri Rama and Krishnaraja sufficient to cover the entire idol."



आनीतां पेटिकां पूर्णां स्वर्णमुद्रकसंयुताम् ॥
दृष्ट्वा तुष्टो यतिवर: सुधीन्द्राख्यश्च भिक्षुक: ॥६३॥

സന്നിധാനത്തിൽ സമർപ്പിച്ച സ്വർണ്ണനാണയങ്ങൾ നിറച്ച പെട്ടികൾകണ്ട് സുധീന്ദ്രസ്വാമികൾ സന്തോഷിച്ചു. (63)

A box full of gold coins was brought, seeing which the Sannyasi Sudheendra Swami was pleased.




अभिषेकं ततश्चक्रे मुकुटान्तं न भेजिरे ॥
विस्मयं समनुप्राप्य पुनरानीतवान् धनम् ॥६४॥

ശ്രീസ്വാമികൾ കനകാഭിഷേകം ചെയ്തുതുടങ്ങിയപ്പോൾ ബിംബത്തിൻെറ മകുടം വരെ പൂർത്തിയായില്ല. ഇതുകണ്ടപ്പോൾ മാളപ്പൈ വിസ്മയിക്കുകയും വീണ്ടും സ്വർണ്ണനാണയങ്ങളെ വരുത്തിക്കൊടുക്കുകയും ചെയ്തു. (64)

When the Swami performed Abhisheka with the gold coins, they were found to be insufficient to cover the crown of the idol. Mala Pai was surprised and brought additional quantities of gold.

तेनपि पूर्तिर्नाभूद्वै विस्मयं परमं गत: ॥
महाजनेभ्य: सर्वेभ्यो याचयित्वा तुयद्धनम् ॥६५॥

പിന്നെയും കൊണ്ടുവന്ന സ്വർണ്ണ നാണയങ്ങൾ അഭിഷേകം ചെയ്തിട്ടും മകുടാന്തം വരെ പൂർത്തിയാകാത്തതിൽ ആശ്ചര്യഭരിതനായ മാളപ്പൈ അവിടെ കൂടിയിരുന്ന എല്ലാ മഹാജനങ്ങളോടും യഥാശക്തി സ്വർണ്ണം നൽകുവാൻ അഭ്യർത്ഥിച്ചു. (65)



The additional gold also failed to cover the top of the idol. Then Mala Pai's surprise reached its zenith. He requested all the members of the community to contribute (for this purpose) their mite.



तेनाभिषेकमात्रेण तृप्तस्तु वेंकटेश्वर: ॥
दृष्ट्वाऽभिषेकनिचयं स्वर्णस्य यतिराट् स्वयम् ॥६६॥

മഹാജനങ്ങളോട് അഭ്യർത്ഥിച്ചുവാങ്ങിയ സ്വർണ്ണംകൊണ്ട് അഭിഷേകം ചെയ്തപ്പോൾ ശ്രീവെങ്കടാചലപതി തൃപ്തനാവുകയും മകുടാന്തംവരെ പൂർത്തിയാവുകയും ചെയ്തു. ശ്രീസ്വാമികൾ അഭിഷേകത്തിനുപയോഗിച്ച വലിയ സ്വർണ്ണകൂമ്പാരം കാണുകയും ചെയ്തു. (66)

When Abhisheka was performed with this contribution, Lord Venkateswara was satisfied and idol was fully covered. The Swami saw the large quantity of gold used for Abhisheka of the idol.

प्रगृह्य तद्धनं मूर्तिं करे जग्राह भिक्षुक: ॥
भो भो महाजना: सर्वे गृह्णीध्वं प्रतिमामिमाम् ॥६७॥

അഭിഷേകധനം സ്വീകരിച്ച് യതിവര്യർ വിഗ്രഹം കയ്യിൽ ഗ്രഹിച്ച് മഹാജനങ്ങളോടായി പറഞ്ഞു : ''അല്ലയോ മഹാജനങ്ങളെ! നിങ്ങളെല്ലാവരും ചേർന്ന് ഈ വിഗ്രഹത്തെ സ്വീകരിക്കുക.'' (67)

The Sannyasi accepted that gold, held the idol in his hand and said : "O Mahajans, all of you accept this idol."





इत्युक्त्वा यतिराण्मूर्तिं माळप्पस्य करे ददौ ॥
दृष्ट्वा महाजना: सर्वे चानन्दपरिपूरिता: ॥६८॥

ഇപ്രകാരം പറഞ്ഞ് വിഗ്രഹത്തെ മുഖ്യനായ മാളപൈയുടെ കയ്യിൽ എല്ലാ ഭക്തജനങ്ങളും കാൺകെ കൊടുത്തു. ഇതുകണ്ടവരെല്ലാം ആനന്ദതുന്ദിലരായി. (68)


Having said this, the Swami placed the idol in the hands of Mala Pai. All the Mahajans who witnessed this event were filled with immense joy.

प्रतिष्ठां कारयामास सुमुहूर्ते यतीश्वरः ॥
पूर्वालये महाराज चित्रानक्षत्रके शुभे ॥६९॥

അതിൽപിന്നെ ശ്രീ സുധീന്ദ്രതീർത്ഥ സ്വാമികൾ വികാരിനാമ സംവത്സരം ചൈത്രമാസത്തിലെ ചിത്രാപൗർണ്ണമി ദിവസം പൂർവ്വാലയത്തിൽ ശുഭമുഹൂർത്തത്തിൽ ശ്രീവെങ്കടാചല പതിയെ പ്രതിഷ്ഠിച്ചു. (69)

Sudheendra Swami got the idol installed on the auspicious day of Chitra Nakshatra at an auspicious Muhurta in the old building of the T.D. Temple.





तदारभ्य महाभक्ता वेंकटाद्रिशिखामणिम् ॥
तन्त्रसारोक्तमार्गेण पूजयित्वा त्वहर्निशम् ॥७०॥

അന്നുമുതൽ മഹാഭക്തരായ മഹാജനങ്ങൾ വെങ്കടാദ്രി പതിയായ വെങ്കടേശ്വര ഭഗവാനെ തന്ത്രസാരോക്ത വിധിപ്രകാരം പ്രതിദിനം പൂജകൾ നടത്തി സേവിക്കുന്നു. (70)

From that day onwards, the devout Mahajans started to worship Lord Venkateswara day and night in accordance with the procedure laid down in Thantra Scriptures.

आराध्य परया भक्त्या ह्यनुयागोत्सवादिकम् ॥
कृत्वा स्वशक्त्या देवेशं मुदमापुर्महाजनाः ॥७१॥

പരമഭക്തിയാൽ മഹാജനങ്ങൾ യഥാശക്തി വഴിപാടുകൾ, ഉത്സവങ്ങൾ, അനുയാഗാദികൾ വിധിപ്രകാരം നടത്തി ദേവേശനെ ആരാധിച്ച് കൃതാർത്ഥരായി. (71)

The Mahajans attained great happiness by worshipping the Lord with deep devotion and by performing Anuyaga, Utsava and other religious functions and festivals according to their ability.



गोश्रीपुरीति नामापि समूहत्रितयैर्युता: ॥
महाजना इति ख्याता भवेयुर्हि मदाज्ञया ॥७२॥

അതിനുശേഷം ശ്രീസുധീന്ദ്രതീർത്ഥ സ്വാമികൾ ഇപ്രകാരം പ്രഖ്യാപിച്ചു : ''നമ്മുടെ ആജ്ഞപ്രകാരം ഈ നഗരം ഗോശ്രീപുരമെന്നും, സമൂഹത്രയരായ ജനങ്ങൾ (വൈദികർ, അധികാരികൾ, ഭക്തജനങ്ങൾ) മഹാജനങ്ങളെന്നും നാമനിർദ്ദേശം ചെയ്യുന്നു''. (72)

The Swami also announced :"By my order, this city will be known as Gosreepura and the Brahman community here consisting of three groups will become famous as Mahajans".

इति विज्ञापनं कृत्वा तीर्थयात्रां गतस्तदा ॥
सुधीन्द्राख्ययतीन्द्रोऽसौ धनवस्त्रादिपूजित: ॥७३॥

ഈ പ്രഖ്യാപനത്തിനുശേഷം ശ്രീ സുധീന്ദ്രതീർത്ഥ സ്വാമികൾ ധനവസ്ത്ര ബഹുമാനാദികളാൽ ആദരിക്കപ്പെട്ടവരായി തീർത്ഥാടനത്തിനു പുറപ്പെട്ടു പോവുകയും ചെയ്തു. (73)

After he made this announcement, the great Sannyasi Sudheendra Swami was worshipped with offerings of wealth, cloths etc. and he again started on his pilgrimage.



मात्राक्षरपदभ्रष्टमपि श्रीवेंकटेशितु: ॥
चरितं पावनं पुंसां भक्तिरत्र गरीयसी ॥७४॥

इति श्री वेंकटेशायने कनकाभिषेको नाम तृतीयोऽध्याय:

മാത്രകൾ, അക്ഷരങ്ങൾ, പദങ്ങൾ എന്നിവകളിൽ തെറ്റുകൾ സംഭവിക്കാം എന്നാലും ശ്രീലക്ഷ്മീവെങ്കടേശ സ്വാമിയുടെ ചരിത്രം ജനങ്ങളുടെ പാപങ്ങളെ നശിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ വിഷയത്തിൽ ഭക്തിയ്ക്കാണ് അധികം ഗൗരവമുള്ളത്. (74)

ഇപ്രകാരം വെങ്കടേശായനത്തിലെ ''കനകാഭിഷേകം'' എന്ന നാമത്തോടുകൂടിയ മൂന്നാമദ്ധ്യായം സമാപ്തം.

The story of Lord Venkateswara purifies people from their sins, even though errors of alphabetical letters, syllables and words might have occurred in its language. It is Bhakthi or devotion that is most important in this matter.

Thus the third chapter in "Venkateshayanam" entitled "Kanakabhishekam" is completed.

प्रथम प्रतिष्ठा श्लोक:

First Prathishta Sloka of Sri Venkatesha

शाकेक्ष्मानयनेषु भूपरिमितेवर्षे विकार्याह्वये
चैत्रे चित्र भसंयुतेशुभदिने राकातिथौवासरे ।
शुक्रे श्री विजयेन्द्रतीर्थ यतिना च्छ त्रै सुधीन्द्रैर्वरैः
श्रीमद्वेंकटनायको विजयते गोश्रीपुरेस्थापित: ॥

The installation of Sree Venkatachalapathi in Gosripura (Kochi) was performed by Sri Sudheendra Thirtha Swami, disciple of Sri Vijayendra Thirtha Swami, in the Saka Year 1521 named "Vikari", in the month of Chaitra on the full moon day, the auspicious day of Friday with Chithra Star. The Lord flourishes in all His glory.

SAKA YEAR - 1521 **MALAYALAM ERA - 774** **A. D. - 1599**



SREE VENKATESHAYANAM
(SANSKRIT, ENGLISH, MALAYALAM WITH PHOTOS)

1st EDITION

COPIES : 3000

PRINTED, PUBLISHED & EDITED BY :
The President,
ARJUNS ARTS & CULTURAL ASSOCIATION
GOSRIPURAM, COCHIN - 682 002.

P.P. George & Sons, Angamaly